പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3951** **11/11/2019-ൽ മറുപടിക്ക്**

## കാസർഗോഡ് ജില്ലയിൽ ഐ.പി. സൗകര്യമുള്ള ഹോമിയോ ആശുപത്രികൾ

**ചോദ്യം**

ശ്രീ.കെ.കുഞ്ഞിരാമൻ

**മറുപടി**

ശ്രീമതി. കെ കെ ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിൽ ഐ.പി. സൗകര്യമുള്ള എത്ര ഹോമിയോ ആശുപത്രികളാണ് നിലവിലുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ ; | (എ) | കാസർഗോഡ് ജില്ലയിൽ ഐ.പി. സൗകര്യമുള്ള 3 ഹോമിയോ ആശുപത്രികളാണ് നിലവിലുള്ളത്. കാഞ്ഞങ്ങാട് പ്രവർത്തിക്കുന്ന ജില്ലാ ഹോമിയോ ആശുപത്രി. നീലേശ്വരത്ത് പ്രവർത്തിക്കുന്ന എൻ.കെ.ബാലകൃഷ്ണൻ സ്മാരക ഹോമിയോ ആശുപത്രി. കോളിയടുക്കത്ത് പ്രവർത്തിക്കുന്ന കളനാട് ഹോമിയോ ആശുപത്രി എന്നിവയാണ് പ്രസ്തുത ആശുപത്രികൾ. ഇവയിലോരോന്നിലും 25 പേരെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യവുമുണ്ട്. |
| (ബി) | കാസർഗോഡ് താലൂക്കിൽ ചെമ്മനാട് പഞ്ചായത്തിലെ കളനാട് ഹോമിയോ ആശുപത്രിയിൽ മുൻപ് ഐ.പി.യൂണിറ്റ് പ്രവർത്തിച്ചിരുന്നുവോ ; വിശദവിവരങ്ങൾ അറിയിക്കാമോ ; | (ബി) | 30/05/1980-ൽ കിടത്തി ചികിത്സാ സൗകര്യത്തോട് കൂടി ആരംഭിച്ച ഈ സ്ഥാപനം അക്കൗണ്ടന്റ് ജനറലിന്റെ പരിശോധനയുടെ ഭാഗമായി 18/01/1987-ൽ കിടത്തി ചികിത്സ അവസാനിപ്പിക്കുകയും ഡിസ്പെൻസറിയായി പ്രവർത്തിക്കുകയും ചെയ്തിരുന്നു. 16/03/1995 മുതൽ കിടത്തി ചികിത്സ പുനരാരംഭിച്ചെങ്കിലും വീണ്ടും 09/07/1995-ന് കിടത്തി ചികിത്സ അവസാനിപ്പിക്കുകയും ചെയ്തു. എന്നാൽ 01/03/2009-ൽ കിടത്തി ചികിത്സ വീണ്ടും പുനരാരംഭിക്കുകയും ഇപ്പോഴും പ്രവർത്തിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. |
| (സി) | കാസർഗോഡ്, മഞ്ചേശ്വരം താലൂക്കുകളിൽ ഒരു ഹോമിയോ ഐ.പി ഹോസ്പിറ്റലും ഇല്ലാത്ത സാഹചര്യത്തിൽ കളനാട് ഹോമിയോ ആശുപത്രിയിൽ ഐ.പി. പുന:സ്ഥാപിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | കളനാട് ഹോമിയോ ആശുപത്രിയിൽ നിലവിൽ ഐ.പി. യൂണിറ്റ് പ്രവർത്തിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.